അഴീക്കൽ പോർട്ടിൽ മാന്വൽ ഡ്രഡ്ജിംഗിന് അനുമതി ലഭിച്ച സഹകരണ സംഘങ്ങൾ

94 (4085) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മുതൽ കണ്ണൂർ ജില്ലയിൽ രജിസ്റ്റർ ചെയ്ത എത്ര സഹകരണ സംഘങ്ങൾക്ക് അഴീക്കൽ പോർട്ട് അധീനതയിൽനിന്നും മാന്വൽ ഡ്രഡ്ജിംഗിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) ഇവയിൽ ഒരേ ഉദ്ദേശലക്ഷ്യങ്ങൾക്കായി ഒരേ അധികാരപരിധിക്കകത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ഒന്നിലധികം സംഘങ്ങൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2010 മുതൽ കണ്ണൂർ ജില്ലയിൽ രജിസ്റ്റർ ചെയ്ത, സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള 6 സഹകരണ സംഘങ്ങൾക്ക് അഴീക്കൽ പോർട്ട് അധീനതയിൽനിന്നും മാന്വൽ ഡ്രഡ്ജിംഗിന് അനുമതി ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. കണ്ണൂർ ജില്ലാ തീരദേശ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം
2. അഴീക്കൽ ഹാർബർ വികസന തൊഴിലാളി ക്ഷേമ സഹകരണ സംഘം
3. കണ്ണൂർ സോഷ്യൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
4. കണ്ണൂർ അടിസ്ഥാന വികസന ക്ഷേമ സഹകരണ സംഘം
5. കണ്ണൂർ പോർട്ട് വർക്കേഴ്സ് ക്ഷേമ സഹകരണ സംഘം
6. രാജീവ് ഗാന്ധി ഹൗസിംഗ് കൺസ്ട്രക്ഷൻ സഹകരണ സംഘം.

(ബി) ക്ഷേമ സഹകരണ സംഘങ്ങൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തന പരിധിയുടെ അധിക ലംഘന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ഒരേ ഉദ്ദേശ ലക്ഷ്യങ്ങൾക്കായി ഒരേ അധികാര പരിധിക്കകത്ത് മേൽ വിഭാഗത്തിലെ സംഘങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly